## ശിലാ ലിഗിതങ്ങളുടെ പരിമിതികൾ

ചരിത്ര പഠനത്തിനുള്ള ഒരു പ്രധാന സ്രോദസാണ് ശാസനങ്ങൾ അതോടൊപ്പം തന്നെ ചില പരിമിതികളും ശാസനങ്ങൾക്കുണ്ട്. അവ താഴെ പറയുന്നതാണ്

1- മങ്ങിയ രീതിയിലുള്ള അക്ഷരങ്ങൾ
2-പൊട്ടിപോയതോ, അക്ഷരങ്ങൾ നഷ്ടപെട്ട് പോയതോ ആയ ശാസനങ്ങൾ
3-വാക്കുകളുടെ അർത്ഥം മനസ്സിലാക്കാനുള്ള പ്രയാസം
4-ആയിരക്കണക്കിന് ശാസനങ്ങൾ വായിച്ചെടുക്കുവാൻ കഴിയാത്തത്
5-ശാസനങ്ങളിൽ ഭൂരിഭാഗവും സാദാരണകാരന്റെ ജീവിതതെ കുറിച്ച് നിശബ്ദത പാലിക്കുന്നു
6-മുകളിൽ പറഞ്ഞതിനെല്ലാമുപരിയായി ഈ ശാസനങ്ങൾ പലപ്പോഴും അത് പ്രസിദ്ധീകരിച്ച ആളുകളുടെ താല്പര്യത്തോടെയാണ് സംരക്ഷിക്കുന്നത്

തീം 1
*ഇഷ്ടികൾ*കണ്മണികൾ*അസ്ഥികൾ*

ഹാരപ്പൻ അഥവാ സിന്ധു നദീതട സംസ്കാരം ലോകത്തിലെ ഏറ്റവും വലിയ നഗര സംസ്കാരങ്ങളിൽ പെട്ടതാണ്.
ഏകദേശം 4600 വർഷം മുൻപ് ഇന്നത്തെ ഇന്ത്യ, അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ എന്നീ രാജ്യങ്ങളിൽ വ്യാപിച്ചു കിടന്നിരുന്നു.
ഹാരപ്പൻ സംസ്കാരം 3 ഘട്ടങ്ങളിൽ നില നിന്നിരുന്നു.
a) ആദ്യ കാല ഹാരപ്പൻ ഘട്ടം 2600 BC ക്കു മുൻപ്
b) ഹാരപ്പൻ ഘട്ടം . 2600 നും 1900 നും ഇടക്കുള്ള ഘട്ടം
c) പിൽകാല ഹാരപ്പൻ ഘട്ടം.
1900 BC ക്കു ശേഷമുള്ള കാലം.
പ്രധാന ഹാരപ്പൻ സൈറ്റുകൾ, ഹാരപ്പ, മോഹൻജൊദാരോ, കാലിബങ്കൻ, ബനാവലി, രൂപാർ ലോതാൽ etc...

*ഉപജീവന* *തന്ത്രങ്ങൾ*:-

വേട്ടയാടൽ, മത്സ്യബന്ധനം, കൃഷി, കന്നുകാലി വളർത്തൽ, ഭക്ഷണം ശേഖരിക്കൽ തുടങ്ങിയവ പ്രധാന ഉപജീവന മാർഗങ്ങൾ.
വേട്ടയാടലിന് തെളിവായി പുരാവസ്തു ഗവേഷകർക്കു വന്യ മൃഗങ്ങളായ മാൻ, കാട്ടുപന്നി, കാട്ടു പോത്ത് എന്നിവയുടെ എല്ലുകൾ ലഭിച്ചു.
കൃഷി ചെയ്തിരുന്നതിനു ലഭിച്ച തെളിവുകൾ
1. കളിമണ്ണിൽ ഉണ്ടാക്കിയ കലപ്പയുടെ രൂപം
2. രാജസ്ഥാനിലെ കാലിബാംഗണിൽ കണ്ടെത്തിയ ഉഴുതു മറിച്ച വയൽ
3.അഫ്ഗാനിസ്ഥാനിലെ ഷൊർത്തുകയിൽ കണ്ടെത്തിയ കാർഷിക കനാൽ.. തുടങ്ങിയവ.
കന്നുകാലി വളർത്തലിന് തെളിവായി ആട്, കാള പോത്ത് തുടങ്ങിയ വളർത്തു മൃഗങ്ങളുടെ എല്ലുകൾ ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്.

*മോഹൻജൊദാരോ* *ഒരു* *ആസൂത്രിത*നഗരം*

ഹാരപ്പായിലെ വലുതും ഏറ്റവും പ്രധാനപ്പെട്ടതുമായ നഗരമാണ് മോഹൻജൊദാരോ.
ഈ നഗരത്തെ രണ്ടു ഭാഗങ്ങളായി വേർതിരിച്ചിരിക്കുന്നു.
1. സിറ്റാഡൽ അഥവാ ഉയർന്ന കോട്ട പ്രദേശം.
ഇതു ഉയർന്നു ഒരു ഇഷ്ടിക കെട്ടിന്റെ മുകളിലാണ് നിർമ്മിച്ചിട്ടുള്ളത്.
ഇതിനെ ഇഷ്ടിക കൊണ്ടു നിർമിച്ച ഒരു ചുറ്റുമതിൽ കൊണ്ടു ചുറ്റിയിരിക്കുന്നു.

ഇതിലുള്ള ഒരു പ്രധാന നിർമിതിയാണ് ഗ്രേറ്റ് ബാത് അഥവാ വലിയ കുളിപ്പുര.
ദീർഘ ചതുരാകൃതിയിൽ നിർമിച്ച ഇവക്കു ഇരു വശങ്ങളിലും ഇറങ്ങാനുള്ള പടവുകൾ ഉണ്ട്.
ചുറ്റും മുറികളും, അഴുക്കുവെള്ളം പുറത്തേകൊഴുക്കാൻ അഴുക്കു ചാലുകളും പിന്നെ ഒരു വലിയ കിണറുമുണ്ട്.
ഈ നീന്തൽ കുളം പോലെയുള്ള നിർമ്മിതിയുടെ ലക്ഷ്യം ചരിത്രപണ്ഡിതർ പറയുന്നത് മതപരമായതോ അതു പോലെ വിനോദപരമായ വല്ല ആവശ്യങ്ങളും ആയിരിക്കും എന്നുള്ളതാണ്.
2.നഗരത്തിന്റെ രണ്ടാമത്തെ ഭാഗമാണ് കീഴ്പട്ടണം.
ഇവിടെയാണ് സാധാരണക്കാരുടെ വാസസ്ഥലം.
വീടുകൾ, കച്ചവട കേന്ദ്രങ്ങളൾ, റോഡുകൾ, തെരുവുകളെന്നിവ ഇവിടെ നിർമ്മിക്കപ്പെട്ടിരിക്കുന്നു.

വീടുകൾ:-
വീടുകൾ ഇഷ്ടിക കൊണ്ടു നിര്മിച്ചവയും ഒന്നിലധികം നിലയുമുള്ളവയുമാണ്.
വീടിനകത്തേക്ക് കടക്കുവാൻ ഇടുങ്ങിയ ഒരു ഇടനാഴിയുണ്ട്, അതു ഒരു വലിയ നടുമുറ്റത്തെക്കു നയിക്കുന്നു.
നടുമുറ്റത്തിനു ചുറ്റും താമസിക്കാനുള്ള മുറികളാണ്. ഓരോ മുറിക്കും വേറെ വേറെ കുളിമുറികളും അതിനെല്ലാം അഴുക്കു ചാലുകളുമുണ്ട്.
ഇവിടെ വീടുകൾക്ക് താഴത്തെ നിലയിൽ ജനലുകൾ ഇല്ല. മുകൾ നിലകളിൽ മുറികൾക്കു ജനലുകൾ വീടിന്റെപിറക് വശത്തെക്ക് മാത്രമേ തുറക്കാൻ കഴിയു.
ഓരോ വീടിനും സ്വന്തമായി കിണറും കാണപ്പെടുന്നു.
ചുരുക്കത്തിൽ സ്വകാര്യതയ്ക്ക് വലിയ പ്രാധാന്യം കൊടുന്ന രീതിയിലാണ് വീടുകളുടെ നിർമ്മാണം.
ഇവിടുത്തെ റോഡുകൾ ഇഷ്ടികകൊണ്ടു നിര്മിച്ചവയും നേർ രേഖയിലുള്ളവയും വലുതുമാണ്. ഇരു വശവും അഴുക്കു ചാൽ ഉണ്ട്.
തെരുവുകൾ വലിയതും ഗ്രിഡ് സമ്പ്രദായത്തിൽ ഉണ്ടാക്കിയവയുമാണ്. വീടുകൾ, കച്ചവട കേന്ദ്രങ്ങൾ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയെല്ല പ്രത്യേക സ്ഥലങ്ങളിൽ സംവിധാനിച്ചിട്ടുണ്ട്.

അഴുക്കുചാൽ സംവിധാനം ഹാരപ്പൻ ജനതയുടെ എൻജിനീയറിങ് വൈദഗ്ധ്യവും ശുചിത്വത്തെയും വൃത്തിയെയും പറ്റിയുള്ള ബോധത്തെയും മനസ്സിലാക്കി തരുന്നു.
അഴുക്കുചാലുകളുടെ ഒരു നെറ്റവർക്ക് തന്നെ ഇവിടെ കാണൻ കഴിയും.
അഴുക്കുചാലിനു സ്ലാബുകളും മാൻഹോൾകളും ഉണ്ട്.. ചെറിയ അഴുക്കു ചാലുകൾ വലിയ ഒരു അഴുക്കു ചാലിൽ ചേർന്നു, പട്ടണത്തില് പുറത്തേക്കു നീണ്ടു പോകുന്നു.

*സാമൂഹികവ്യത്യാസങ്ങളെ*കണ്ടെത്തൽ*

ഹാരപ്പൻ സമൂഹത്തിലെ സാമൂഹിക വ്യത്യാസങ്ങൾ കണ്ടു പിടിക്കാൻ പുരാവസ്തു ഗവേഷകർ കണ്ടെത്തിയ പുരാവസ്തുക്കളെ രണ്ടാക്കി വേർതിരിച്ചു.
1. നിത്യോപയോഗ വസ്തുക്കൾ
2. ആഡംബര വസ്തുക്കൾ.
ഈ വർഗീകരണത്തിലൂടെ ഹാരപ്പായിലെ ജനങ്ങളുടെസാമൂഹിക വ്യത്യാസങ്ങൾ ചരിത്രകാരന്മാർ മനസ്സിലാക്കുന്നു.

*കാരകൗശലവും*സാങ്കേതിക*വിദ്യയും*

*ഹാരപ്പയുടെ*പതനം*
ബി സി 1900 നു ശേഷം ഹാരപ്പൻ നഗരങ്ങൾ പല കാരണങ്ങൾ നശിക്കുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്തു.
അവയുടെ പതന കാരണങ്ങൾ വ്യത്യസ്തമാണ്.അവ താഴെ പറയുന്നു.
1. വന നശീകരണം
2.ഭൂമിയുടെ അമിതമായ ഉപയോഗം
3. സിന്ധു നദിയുടെ ഗതി മാറ്റം.
4. വെള്ളപ്പൊക്കം
5.നദികൾ വറ്റി വരണ്ടു പോയത്
6. കാലാവസ്ഥ മാറ്റം
7. ആര്യൻ ആക്രമണം.
ആര്യൻ ആക്രമണം ഹാരപ്പയുടെ തകർച്ചക്ക് പ്രധാന കാരണമാണെന്ന് വാദിച്ചത് മോർട്ടിമർ വീലർ എന്ന യൂറോപ്യൻ പുരാവസ്തു ഗവേഷകനാണ്.
പുരാതന ഗ്രന്ഥങ്ങളിൽ പരാമർശിച്ച ഇന്ദ്രന്റെ മറ്റൊരു പേരായ പുരന്ദ്രൻ കോട്ടകളുടെ തകർച്ചക്ക് വഴി തെളിയിച്ചു എന്നും അതു ഹാരപ്പൻ പട്ടണങ്ങളാണെന്നും മോർട്ടിമർ വീലർ അഭിപ്രായപ്പെട്ടു.

## <u>പ്രമേയം 4</u>

## <u>ചിന്തകർ വിശ്വാസങ്ങൾ, നിർമ്മാണങ്ങൾ</u>

**1-**ബിസി ആറാം നൂറ്റാണ്ടിൽ വിവിധ ഭാഗങ്ങളിൽ ഉയർന്നു വന്ന ദാർശനികന്മാർ?
1.ഇറാനിലെ സരരാഷ്ട്ര
2.ചൈനയിലെ കൺഫ്യൂഷസ്
3.ഗ്രീസിലെ സൊക്രട്ടീസ്, പ്ലാറ്റോ, അരിസ്റ്റോട്ടിൽ
4. ഇന്ത്യയിലെ മഹാവീരൻ, ഗൗതമ ബുദ്ധൻ

**2.** ജൈന ബുദ്ധ മതങ്ങളുടെ ആവിർഭാവതിനുള്ള കാരണങ്ങൾ ഏതൊക്കെ?

# യാഗ പാരമ്പര്യം :-യാഗങ്ങളുടെയും അനുഷ്ടാനങ്ങളുടെയും ലാളിത്യം ഈ കാലത്ത് നഷ്ട്ടപ്പെട്ടു. അവ ചിലവേറിയതും ഹിംസാത്മകവുമായി.യാഗാതി കർമ്മങ്ങൾ ബ്രാഹ്മണരുടെ കുത്തകയായി മാറുകയും ജനങ്ങളെ ചൂഷണം ചെയ്യാൻ അത് ഉപയോഗിക്കുകയും ചെയ്തു.

#ജാതിയുടെയും ഭാഷയുടെയും പ്രേശ്നങ്ങൾ :-വേദാനന്തര കാലഘട്ടത്തിൽ സമൂഹം ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശ്രുദ്രർ, എന്നിങ്ങനെ വിഭജിക്കുകയും, ബ്രാഹ്മണരുടെ ഉയർന്ന പദവി മറ്റുള്ളവർ എതിർത്തു.
വേദഗ്രന്ഥങ്ങൾ സംസ്കൃത ഭാഷയിലായിരുന്നു. ബുദ്ധനും മഹാവീരനും പാലിയിലും പ്രാകൃതത്തിലും അവരുടെ ആശയങ്ങൾ അവതരിപ്പിച്ചത് സാദാരണക്കാരെ ആകർഷിച്ചു.

#പുത്തൻ സമ്പദ് വ്യവസ്ഥ :-പുതിയ കാർഷിക സമ്പദ് വ്യവസ്ഥ യുടെ വികാസം, കന്നുകാലി സമ്പത്തിന്റെ ആവശ്യകത വർധിപ്പിക്കുകയും, അഹിംസ സിദ്ധാന്തത്തെ ഉയർത്തി പിടിക്കുന്ന മതങ്ങളെ ജനങ്ങൾ സ്വീകരിക്കാൻ കാരണമാവുകയും ചെയ്തു.

#പുതിയ ചോദ്യങ്ങൾ :-വേദ പാരമ്പര്യത്തിന്റെ പ്രാധാന്യതെ പറ്റി ജനങ്ങൾ ചിന്തിക്കാൻ തുടങ്ങി. പരമമായ സത്യ നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്ന ചോദ്യം ഉയർന്നു വന്നു.

ഹാരപ്പായിൽ നിന്നും കണ്ടെത്തിയ കരകൗശല വസ്തുക്കൾ അവരുടെ സാങ്കേതിക വിദ്യയെയും കഴിവും മനസ്സിലാക്കി തരുന്നു.
കണ്മണി മാലകളുടെ നിർമാണത്തിന് ഹാരപ്പൻ നിവാസികൾ പ്രശസ്തരായിരുന്നു.
ചിപ്പി കക്ക തുടങ്ങിയവ കൊണ്ടു വസ്തുക്കൾ നിര്മിച്ചിരുന്ന രണ്ടു സ്ഥലങ്ങളാണ് ബാൽകോട്ടും നാഗേശ്വറും.
ഹാരപ്പൻ വാസികൾക്കു
ചെമ്പ് രാജസ്ഥാനിൽ നിന്നും
സ്വർണം കർണാടകയിൽ നിന്നും ലഭിക്കുന്നു.

*ഉൽപാദനേകന്ദ്രങ്ങളെ* *തിരിറിയൽ*(Identifying Centres of Production) കരകൗശല വസ്തുളെട ഉൽാദന കേന്ദ്രങ്ങള തിരിറിയാൻ പ്രധാനന തളിവുകൾ താഴപറയുവയാണ.
1. അസംസ്കൃതവസ്തുക്കളുടസന്നിധ്യം
2. നിർമ്മാണ ഉപകരണൾ 3.നിർമ്മാണം പൂർത്തിയാവാത്ത വസ്തുക്കൾ .
4. പാഴവസ്തുക്കൾ

*വിദേശ*വാണിജ്യം*

ഹാരപ്പൻ സമൂഹം വിദേശ രാജ്യങ്ങളുമായി കച്ചവട ബന്ധത്തിൽ ഏർപ്പെട്ടത്തിനുള്ള തെളിവുകൾ.
a) ഹാരപ്പായിൽ നിന്നും കണ്ടെത്തിയ നിക്കൽ മെസോപോട്ടെമിയോ, ഒമാൻ , ബഹറിൻ തുടങ്ങിയ രാജ്യത്തു നിന്നും കണ്ടിയത്തിയ നിക്കലുമായി രാസ സാമ്യമുണ്ട്.
കൂടാതെ ഹാരപ്പൻ പാത്രങ്ങൾ വിദേശ രാജ്യങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്.
ഇതിനൊക്കെ പുറമെ മെസൊപൊട്ടാമിയൻ സാഹിത്യങ്ങളിൽ പരാമർശിക്കുന്ന മെലൂഹ എന്ന രാജ്യം ഹാരപ്പയാണെന്നു വിശ്വസിക്കുന്നു.
മറ്റൊരു തെളിവ് ഹാരപ്പൻ മുദ്രകളിൽ കാണുന്ന ബോട്ടിന്റെയും കപ്പലിന്റെയും ചിത്രങ്ങളാണ്. അവ വിദേശ രാജ്യങ്ങളുമായുള്ള കടൽ മാർഗ ബന്ധങ്ങളെ സൂചിപ്പിക്കുന്നു.
*ഹാരപ്പൻ*മുദ്രകൾ*
ഹാരപ്പൻ നാഗരികതയെ പറ്റി നമുക്ക് സൂചനകൾ നൽകുന്ന പ്രധാന തെളിവുകളാണ് മുദ്രകൾ.
സീറ്റയ്റ്റ് എന്ന ഒരിനം കല്ലു കൊണ്ടാണ് മുദ്രകൾ നിര്മിക്കപ്പെട്ടിട്ടുള്ളത്.
നൂറുക്കണക്കിന് മുദ്രകൾ ഹാരപ്പയുടെ പല ഭാഗത്തു നിന്നും കണ്ടെടുത്തിട്ടുണ്ട്.
ഇവയിൽ ചിത്രങ്ങൾ, ചിഹ്നങ്ങൾ, ലിപികൾ എന്നിവ അടങ്ങിയിട്ടുണ്ട്.
ഹാരപ്പൻ മുദ്രകൾ അക്കാലത്തെ കന്നുകാലി വളർത്തൽ, കൃഷി, ഭക്ഷണ രീതി, വസ്ത്ര ധാരണം വിനോദം തുടങ്ങിയവയെ പറ്റി അറിവ് നൽകുന്നു.
*ഹാരപ്പൻ*ലിപി*
ഹാരപൊൻ ജനതക്ക് എഴുത്തു വിദ്യ അറിയാമായിരുന്നു എന്നു മുദ്രകൾ വ്യക്തമാക്കുന്നു.
അവർ ചിത്ര ലിപി ആയിരുന്നു ഉപയോഗിച്ചിരുന്നത്.
വലത്തു നിന്നും ഇടത്തോട്ടു എഴുതുന്ന രീതിയിലായിരുന്നു ഹാരപ്പൻ ലിപി.
ഹാരപ്പൻ ലിപി ഇതു വരെ വായിക്കാൻ പറ്റിയിട്ടില്ല എന്നുള്ളതാണ് അതിന്റെ ഏറ്റവും വലിയ പരിമിതി.
ശിലാ ഫലകങ്ങൾ, എല്ലുകൾ, ചെമ്പു തകിടുകൾ എന്നിവയിൽ എഴുതിയ ലിപികൾ കണ്ടെത്തിയിട്ടുണ്ട്.
*തൂക്കങ്ങൾ*
ഹാരപ്പൻ ജനത ചേർട് കൊണ്ടു നിർമിച്ച ക്യൂബ് രൂപത്തിലുള്ള അളവ് തൂക്ക കട്ടികൾ ഉപയോഗിച്ചിരുന്നു.
അവയുടെ കനം രണ്ടിന്റെ ഗുണിതങ്ങളായിരുന്നു.

ഉപനിഷത്തുകൾ ചർച്ച ചെയ്തിരുന്ന ദാർശനിക ചോദ്യങ്ങൾ ജനങ്ങളെ ആസ്വസ്ഥരാക്കി.

**<u>മഹാവീരൻ -ജൈന മതം</u>**

• വൈശാലിക്കടുത്തുള്ള കുന്ദ ഗ്രാമത്തിൽ BCE 540 ൽ ജനിച്ചു
•മുപ്പതാമത്തെ വയസ്സിൽ സന്യാസം സ്വീകരിക്കുകയും പിന്നീട് കൈവല്യം നേടുകയും ജിനൻ എന്നറിയപ്പെടുകയും ചെയ്തു.
•പാവപുരിയിൽ സമാധിയായി.

**<u>ജൈന മത തത്വങ്ങൾ</u>**

-ലോകം മുഴുവൻ സംചേതനമാണ്.
-അഹിംസ
-മനുഷ്യ ജീവിതത്തിന്റെ പരമമായ ലക്ഷ്യം - നിർമ്മാണം or മോക്ഷം
-ജനനം പുനർജന്മം എന്നിവയിൽ നിന്നുള്ള മോചനമാണ് മോക്ഷം.
-മോക്ഷം നേടാൻ കർമം ശുദ്ധമാകണം.
-ത്രി രതങ്ങൾ -(ശെരിയായ അറിവ്, ശരിയായി പ്രവൃത്തി , ശരിയായ വിശ്വാസം) ലൂടെ മാത്രമേ അതു നേടാൻ ആകൂ.
-കർമ്മ വൃത്തത്തിൽ നിന്ന് മോചനം നേടാൻ സന്യാസവും തപഷ്ചര്യയും വേണം.

→ ജൈന സന്യാസിമാർ എടുക്കേണ്ട 5 പ്രതിജ്ഞകൾ
# ഹിംസിക്കരുത്.
#മോഷ്ടിക്കരുത്
#നുണ പറയരുത്
#സ്വത്ത് കൈവശം വെക്കരുത്
#ബ്രാഹ്മചര്യം അനുഷ്ടിക്കണം.

**<u>ബുദ്ധ മതം - ഗൗതമ ബുദ്ധൻ</u>**

#കപില വസ്തുവിനടുത്തുള്ള ലുംബിനിയിൽ BCE 563 ൽ ജനിച്ചു. പിതാവ് ശുദ്ധോദനൻ
#യഥാർത്ഥ പേര് സിദ്ധാർഥ
#ഭാര്യ യശോദര, മകൻ രാഹുലൻ
#പുറം ലോകത്ത് കണ്ട നാല് വലിയ കാഴ്ചകൾ -ഒരു വൃദ്ധൻ, ഒരു രോഗി, ഒരു മൃതശരീരം, ഒരു സന്യാസി - അദ്ദേഹത്തിന്റെ ജീവിതം മാറ്റി മറിച്ചു.
പരമ സത്യത്തെ തേടി നാട് വിട്ടു -'മഹാ പരിത്യാഗം '
#ബോധോദയം ഉണ്ടായ ശേഷം 'ബുദ്ധൻ 'എന്നറിയപെട്ടു.
#ബനാറസിലെ സാരാനാദിൽ നടത്തിയ ആദ്യ പ്രഭാഷണം' ധർമ ചക്ര പ്രവർത്തനം 'എന്നറിയപ്പെടുന്നു.
#BCE 486 ൽ കുശിനഗരിയിൽ നിർവ്വാണമടഞ്ഞു.

**<u>ബുദ്ധന്റെ തത്ത്വങ്ങൾ</u>**

ലോകം അനിത്യവും അനാത്മകവുമാണ്.

**<u>ആര്യ സത്യങ്ങൾ</u>**

<u>#</u> ലോകം ദുഃഖമയമാണ്.
#ദുഃഖത്തിന്റെ കാരണം ആഗ്രഹങ്ങളാണു.
#ആഗ്രഹങ്ങൾ ഇല്ലാതാക്കിയാൽ ദുഃഖത്തെ മറി കടക്കാം.
# അഷ്ടാംഗമാർഗങ്ങൾ  അനുഷ്ടിച്ചുകൊണ്ട് ദുഃഖങ്ങളെ  ഇല്ലാതാക്കാം.

**<u>അഷ്ടാംഗ മാർഗങ്ങൾ</u>**

#ശരിയായ വാക്ക്

#ശരിയായ പ്രവൃത്തി
#ശരിയായ ജീവിതം
#ശരിയായ പരിശ്രമം
#ശരിയായ ഓർമ
#ശരിയായ വീക്ഷണം
#ശരിയായ തീരുമാനം
#ശരിയായ ധ്യാനം.

**<u>ത്രി പിടകങ്ങൾ - ബുദ്ധ മത ഗ്രന്ഥങ്ങളുടെ ക്രോഡീകരണം</u>**
1.വിനയ പിടക-അംഗങ്ങൾ പാലിക്കേണ്ട നിയമങ്ങളും ചട്ടങ്ങളും
2.സുത്ത പിടക-ബുദ്ധന്റെ തത്വങ്ങൾ
3.അഭിധമ്മ പിടക-ദാർശനിക കാര്യങ്ങൾ

**<u>മഹായാന ബുദ്ധമതം</u>**
ബുദ്ധനു ശേഷം ബുദ്ധ മതം ഹീനയാനം, മഹായാനം എന്നിങ്ങനെ വിഭജിക്കപ്പെട്ടു.

| **ഹീന യാനം** | **മഹായാനം** |
|---|---|
| #ചെറിയ വാഹനം<br>#ബുദ്ധന്റെ മൗലിക തത്ത്വങ്ങൾ പിൻ-തുടർന്നു<br>#പാലി ഭാശ ഉപയോഗിച്ചു | #വലിയ വാഹനം<br>#പുതിയ തത്ത്വങ്ങ-ളും സദാചാര സം-ഹിതയും ആവിഷ്ക-രിച്ചു<br>#വിഗ്രഹാരാധന<br>#ബുദ്ധനെ ദൈവമായി ആരാധിച്ചു<br>#സംസ്കൃത ഭാഷ ഉപ-യോഗിച്ചു. |

**<u>സ്തൂങ്ങൾ</u>**
#ബുദ്ധന്റെ ശരീര അവശിഷ്ടങ്ങളോ അദ്ദേഹം ഉപയോഗിച്ച വസ്തുക്കളോ അടക്കം ചെയ്തിട്ടുള്ള മേടുകൾ
#വിശുദ്ധ സ്ഥലങ്ങൾ
#കല്ലുകൾ കൊണ്ടോ ഇഷ്ടികകൾ കൊണ്ടോ ഉള്ള കലാമൂല്യമുള്ള നിർമ്മിതികൾ
#പ്രസിദ്ധമായ സ്തൂപങ്ങൾ ബർഹട്ട്, സാഞ്ചി, സാരാനാഥ്
#സ്തൂപങ്ങളുടെ തൂണുകളിലും, അഴിവേലികളിലും ധാരാളം ലിഖിതങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

**<u>സ്തൂപങ്ങളുടെ ഘടന</u>**
#അർദ്ധ വൃത്തകൃതിയിലുള്ള ലളിതമായ മൺ മേടുകൾ -'അൺഡ'
#അണ്ഡയുടെ മുകളിലുള്ള ബാൽക്കണി പോലുള്ള നിർമിതി -'ഹർമിക'
#ഹർമികയിൽ നിന്ന് ഉയർന്നു നിന്ന കൊടി മരം -'യഷ്ടി '
#യഷ്ടിക്ക് ചുറ്റുമായുള്ള കാടുകൾ -'ഛത്രങ്ങൾ '

→ എന്തു കൊണ്ട് സാഞ്ചിയിലെ സ്തൂപം സംരക്ഷിക്കപ്പെടുകയും അമരാവതിയിലെ സ്തൂപം അവഗണിക്കപ്പെടുകയും ചെയ്തു?
-സാഞ്ചി സ്തൂപം കണ്ടത്തിയത് 1818 ലാണ്
-സാഞ്ചിയിലെ കവാടങ്ങൾ കടത്തി കൊണ്ട് പോവാനുള്ള വിദേശികളുടെ ശ്രമങ്ങൾ ഭോപ്പാലിലെ ഭരണാധികാരികളുടെ ഇടപെടൽ മൂലം പരാജയപ്പെട്ടു.

-ഷാജഹാൻ ബീഗവും പിന്നീട്  വന്ന സുൽത്താൻ ജഹാന്ഗീർ ബീഗവും സ്തൂപത്തെ സംരക്ഷിച്ചു.
-ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെ പറ്റി പണ്ഡിതൻമാർ ബോധവാന്മാരായിരുന്നില്ല. അമരാവതി സ്തൂപതിന്റെ ശില്പ ശിലാ പാളികൾ പലരും കടത്തി കൊണ്ട് പോയി.
-അതിനാൽ അപ്രധാനമായൊരു ചെറു മൺമേടായി അത് നിലകൊള്ളുന്നു.

**സഞ്ചാരികളുടെ *കണ്ണുകളിലൂടെ**
സമൂഹത്തെക്കുറിച്ചുള്ള വീക്ഷണങ്ങൾ
(10 -17 നൂറ്റാണ്ടുകൾ)

മധ്യകാല ഇന്ത്യയിൽ വന്ന സഞ്ചാരികളാണ്
**അൽ ബിറൂണി**
**ഇബിനു ബത്തൂത്ത**
**ഫ്രാങ്കോയിസ് ബർണിയർ**

**അൽ ബിറൂണി**

. ജനനം ഉസ്ബെക്കിസ്ഥാനിൽ ഖ്വാരിസം
. നല്ല വിദ്യാഭ്യാസം ലഭിച്ച അദ്ദേഹം ഒരു ബഹുഭാഷാ പണ്ഡിതൻ ആയിരുന്നു
. മുഹമ്മദ് ഗസ്നി ഖ്വാരി സം ആക്രമിച്ച അവിടെയുള്ള പണ്ഡിതന്മാരെ ഗസ്നിയിൽ കൊണ്ടുവന്നു
. അങ്ങനെ അൽബറൂണി ഗസ്നിയിലെത്തി
. ഗസ്നിയിലെ താമസക്കാലത്ത് ഇന്ത്യയോട് പ്രത്യേക താല്പര്യം തോന്നി

**കിത്താബ്- ഉൾ -ഹിന്ദ്**

. അൽബറൂനി യുടെ പ്രശസ്ത കൃതി
. അറബി ഭാഷയിൽ എഴുതിയ ഈ കൃതിയിൽ 80 അധ്യായങ്ങൾ ഉണ്ട്
. ഇന്ത്യയിലെ മതം, തത്വചിന്ത, ഉത്സവങ്ങൾ, രസായന വിദ്യ, ശീലങ്ങൾ, ആചാരങ്ങൾ, സാമൂഹ്യജീവിതം, അളവുതൂക്കങ്ങൾ വിഗ്രഹ പഠനം നിയമങ്ങൾ തുടങ്ങി നിരവധി വിഷയങ്ങൾ ഈ കൃതി കൈകാര്യം ചെയ്യുന്നു

അൽ ബിറൂനി ഇന്ത്യയിൽ നേരിട്ട പ്രശ്നങ്ങൾ

. ഭാഷ
. മത വിശ്വാസങ്ങളിലും ആചാരങ്ങളിലും ഉള്ള വ്യത്യാസം
. സ്വന്തം കാര്യങ്ങളിൽ മുഴുകി ഒറ്റപ്പെട്ടു കഴിയുന്ന ഇന്ത്യൻ ജനത

അൽബറൂനി യുടെ ജാതി വ്യവസ്ഥ യെ കുറിച്ചുള്ള വിവരണം

>മറ്റ് സമൂഹങ്ങളിലെ ജാതിവ്യവസ്ഥയുമായി ഇന്ത്യയെ അദ്ദേഹം താരതമ്യം ചെയ്തു
>പേർഷ്യയിലെ പ്രധാന നാല് വിഭാഗങ്ങളാണ്
• യോദ്ധാക്കളും, രാജകുമാരൻമാരും
• സന്യാസികൾ, പുരോഹിതർ,
• വൈദ്യൻമാർ, ജ്യോതിശാസ്ത്രജ്ഞർ, മറ്റ് ശാസ്ത്രജ്ഞൻ
• കർഷകർ, കരകൗശല വിദഗ്ധർ

> സാമൂഹ്യ വിഭജനം ഇന്ത്യയുടെ മാത്രം പ്രത്യേകത അല്ല എന്ന് അദ്ദേഹം ഇതിലൂടെ വ്യക്തമാക്കി
>എന്നാൽ ഇസ്ലാം മതത്തിനകത്ത് ഇത്തരം സാമൂഹ്യ വിഭജനങ്ങൾ ഇല്ല എന്നും അദ്ദേഹം വ്യക്തമാക്കി
>ജാതി വ്യവസ്ഥയെ അദ്ദേഹം അംഗീകരിച്ചു എങ്കിലും തൊട്ടുകൂടായ്മ അദ്ദേഹം എതിർത്തു

ഇബനുബത്തൂത്ത

. ഇന്ത്യ സന്ദർശിച്ച അറബ് സഞ്ചാരി
. പ്രശസ്തകൃതിയാണ് 'റി ഹില'
.മൊറോക്കോയിലെ ഇസ്ലാമിക നിയമത്തിൽ പാണ്ഡിത്യം ഉള്ള ഒരു കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്

.ചെറുപ്രായത്തിൽത്തന്നെ അഗാധ പാണ്ഡിത്യം നേടിയിരുന്നു
. പുസ്തകങ്ങളിൽ നിന്നുള്ള അറിവിന് പുറമേ സഞ്ചാര അനുഭവങ്ങൾ തേടിക്കൊണ്ട് അദ്ദേഹം യാത്ര പുറപ്പെട്ടു
. മക്ക, സിറിയ, ഇറാക്ക്, പേർഷ്യ, യമൻ, ഒമാൻ എന്നിവിടങ്ങളിലൂടെ സഞ്ചരിച്ചതിനുശേഷം 1333 അദ്ദേഹം സിന്ധിൽ എത്തി
. ഡൽഹി സുൽത്താൻ മുഹമ്മദ് ബിൻ മുഹമ്മദ് ബിൻ തുഗ്ലക്കിനെ കാണുകയും അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ ഖാസിയായി നിയമിക്കപ്പെടുകയും ചെയ്തു
. പിന്നീട് ഇന്ത്യൻ സ്ഥാനപതിയായി ചൈനയിലേക്ക് പറഞ്ഞയച്ചു
. തുടർന്നദ്ദേഹം മലബാർ, ശ്രീലങ്ക, മാലിദ്വീപ്, ചൈന എന്നിവ സന്ദർശിച്ച ഒടുവിൽ മൊറോക്കോയിൽ തിരിച്ചെത്തി
. നാട്ടിൽ മടങ്ങിയെത്തിയ അദ്ദേഹത്തോട് പ്രാദേശിക ഭരണാധികാരി സഞ്ചാര കഥ എഴുതാൻ ആവശ്യപ്പെട്ടു
. തുടർന്ന് ഇബിന് ബത്തൂത്ത പറഞ്ഞുകൊടുത്തത് പ്രകാരം പ്രശസ്ത പണ്ഡിതനും, കവിയും, ചരിത്രകാരനുമായ ഇബിനു ജുസായി ' റിഹില' എന്ന കൃതി തയ്യാറാക്കി

ഇവന് ബത്തൂത്ത നേരിട്ട പ്രശ്നങ്ങൾ
. കൊള്ളക്കാരുടെ ശല്യം
. സുരക്ഷിതമല്ലാത്ത റോഡുകൾ
. ഒരു സംഘം ആളുകളെ ചേർത്താണ് യാത്ര പോയിരുന്നത് എങ്കിലും പലപ്പോഴും ആക്രമണങ്ങൾ നേരിടേണ്ടിവന്നു

അപരിചിത വസ്തുക്കളുടെ വിശദീകരണം

• അപരിചിത വസ്തുക്കളായ നാളികേരവും വെറ്റിലയും അദ്ദേഹത്തെ ആവേശം കൊള്ളിച്ചു
•യൂറോപ്പിൽ മുന്തിരി കൃഷി വളർത്തുന്നത് പോലെയാണ് വെറ്റില കൃഷി ചെയ്യുന്നത്എന്നും എന്നാലവ ഇലകൾക്ക് വേണ്ടി ആയിരുന്നു എന്ന് അദ്ദേഹം എഴുതി
• തെങ്ങുകൾ ഈന്തപ്പന പോലെയാണെന്നും നാളികേരം മനുഷ്യന്റെ ശിരസ്സ് പോലെയാണെന്നും അദ്ദേഹമെഴുതി

**ഇബ്നു ബത്തൂത്തയും ഇന്ത്യൻനഗരങ്ങളും**

• കഴിവുള്ളവർക്ക് എന്തും നേടാനുള്ള അവസരം ഇന്ത്യൻ നഗരങ്ങളിൽ ഉണ്ട്
• ഇന്ത്യയിലെ പ്രധാന നഗരങ്ങൾ ആയിരുന്നു ഡൽഹി, ദൗലത്താബാദ്
• നഗരങ്ങൾ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രം കൂടിയായിരുന്നു
• എല്ലാ നഗരങ്ങളിലും ഒരു മുസ്ലീം പള്ളിയും, ഒരു ക്ഷേത്രവും, കലാപരിപാടികൾ അവതരിപ്പിക്കാനുള്ള ഒരു വേദിയും ഉണ്ടായിരുന്നു
• മാർക്കറ്റിൽ ധാരാളം വസ്തുക്കൾ വിൽപ്പനക്ക് വെച്ചിരുന്നു
• ഒരു വർഷം രണ്ടുവട്ടം കൃഷി ഇറക്കിയിരുന്നു
• വിദേശവ്യാപ വ്യാപാര രംഗത്ത് വമ്പിച്ച പുരോഗതി ഇക്കാലത്തുണ്ടായി രുന്നു
• ഇന്ത്യൻ തുണിത്തരങ്ങൾ, പട്ടുവസ്ത്രങ്ങൾ എന്നിവയ്ക്ക് അന്തർദേശീയതലത്തിൽ വലിയ ഡിമാൻഡ് ഉണ്ടായിരുന്നു

**വിനിമയ സമ്പ്രദായം**

• ഫലപ്രദമായ രീതിയിൽ ഉള്ള ഒരു തപാൽ സമ്പ്രദായം ഇന്ത്യയിൽ ഉണ്ടായിരുന്നു
• സാധനങ്ങളും സേവനങ്ങളും കുറഞ്ഞ സമയം കൊണ്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിയിരുന്നു
• ചാരൻമാർ കുറഞ്ഞ സമയത്തിനുള്ളിൽ വിവരങ്ങൾ സുൽത്താനെ അറിയിച്ചിരുന്നു
• ബത്തൂത്ത രണ്ടുതരം തപാൽ സമ്പ്രദായങ്ങളെ കുറിച്ച് പറയുന്നുണ്ട്
> ഉലുക്ക് ( കുതിര തപാൽ
> ദവ( കാലാൾ തപാൽ)

**ഫ്രാങ്കോയിസ് ബർണിയർ**

.ഒരു ഫ്രഞ്ച് സഞ്ചാരിയായിരുന്നു
. ഒരു ഡോക്ടറും തത്വചിന്തകനും ചരിത്രകാരനുമായ അദ്ദേഹം അവസരങ്ങൾ തേടിയാണ് ഇന്ത്യയിലെത്തിയത്
. 12വർഷത്തോളം അദ്ദേഹം ഇന്ത്യയിൽ ചെലവഴിച്ചു
. ഇന്ത്യയിൽ ജീവിതകാലത്തെ അനുഭവങ്ങൾ അദ്ദേഹം 'മുഗൾ സാമ്രാജ്യത്തിലെ സഞ്ചാരങ്ങൾ 'എന്ന കൃതിയിലൂടെ അവതരിപ്പിച്ചു
. അദ്ദേഹം കണ്ട വസ്തുതകളെ യൂറോപ്പുമായി താരതമ്യപ്പെടുത്തിയാണ് എഴുതിയത്
. ഇന്ത്യയിലെ സാഹചര്യങ്ങളെ നിരാശാജനകമായ രീതിയിലാണ് അദ്ദേഹം ചിത്രീകരിച്ചത്
. ബൈനറി ഓപ്പോസിഷൻ സിദ്ധാന്തത്തിലൂടെ യൂറോപ്പിനെയും ഇന്ത്യയെയും അവതരിപ്പിക്കുകയും
ആ ശ്രേണിയിൽ ഇന്ത്യ താഴ്ന്ന താണെന്ന് അവതരിപ്പിക്കുകയും ചെയ്തു

**ഭൂവുടമസ്ഥതയുടെ പ്രശ്നം**

. ഇന്ത്യയും യൂറോപ്പും തമ്മിലുള്ള പ്രധാന വ്യത്യാസം ഇന്ത്യയിൽ സ്വകാര്യ ഭൂവുടമസ്ഥാ വകാശമില്ല എന്നാണ്
. മുഴുവൻ ഭൂമിയും രാജാവിന്റെ നിയന്ത്രണത്തിലാണെന്നും അവ ഇടക്കിടെ കൈമാറ്റം ചെയ്യുന്ന രീതിയിൽ ഭൂവുടമകൾക്ക് നൽകിയതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു
. ഇങ്ങനെ കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമി സ്വന്തം മക്കൾക്ക് കൊടുക്കാൻ അവകാശമുണ്ടായിരുന്നില്ല- അതുകൊണ്ടുതന്നെ ഭൂമിയിൽ ഉൽപാദനം വർദ്ധിപ്പിക്കാനായി ദീർഘകാല നിക്ഷേപങ്ങൾ ആരും നടത്തിയിരുന്നില്ല
. ഇന്ത്യയിൽ രണ്ട് സാമൂഹിക വിഭാഗങ്ങളെ ഉണ്ടായിരുന്നുള്ളൂ
. ദരിദ്രരും സമ്പന്നരും
. ഇന്ത്യയിൽ മധ്യവർഗം ഉണ്ടായിരുന്നില്ല
. മുഗൾ രാജാവ് ഭിക്ഷാടകരുടെയും അപരിഷ്കൃതരുടെയും രാജാവാണ്
. പാടശേഖരങ്ങൾ കുറ്റിക്കാടുകളും രോഗ ജന്യമായ ചതുപ്പുകളും നിറഞ്ഞവയാണ്
. ഇതിനെല്ലാം കാരണം സ്വകാര്യ സ്വത്തിന്റെ അഭാവമാണ്
. ബർണിയുടെ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ ഉയർന്ന വന്നതാണ് മോണ്ടെസ്ക്യുവിന്റെ പൗരസ്ത്യ സ്വേച്ഛാധിപത്യവും കാൾ മാർക്സിന്റെ ഏഷ്യാനെറ്റ് ഉൽപ്പാദന രീതിയും

**പാളയ നഗരങ്ങൾ**
. മുഗൾ നഗരങ്ങളെ ബര ണീയർ പാളയ
നഗരങ്ങൾ എന്ന് വിശേഷിപ്പിച്ചു
. നിലനിൽപ്പിനായി രാജധാനിയെ ആശ്രയിക്കുന്ന നഗരങ്ങൾ ആണിവ
. തലസ്ഥാന മാറ്റങ്ങൾ നടക്കുന്നതിന് അനുസരിച്ച് നഗരങ്ങൾ ആവിർഭവിക്കുകയും തകരുകയും ചെയ്തിരുന്നു എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു

***സ്ത്രീ അടിമകൾ ***
, **സതി തൊഴിലാളികൾ**

. അടിമകളെ കമ്പോളങ്ങളിൽ മറ്റ് സാധനങ്ങൾ പോലെ പരസ്യമായി വിറ്റിരുന്നു
. സമ്മാനങ്ങളായി കൊടുത്തിരുന്നത് അടിമകളെ യായിരുന്നു
. ഇബ്നുബത്തൂത്ത മുഹമ്മദ് ബിൻ തുഗ്ലക്കിനെ കാണാൻ പോയപ്പോൾ കുതിരകളെയും ഒട്ടകങ്ങളെയും അടിമകളെയും വിലക്ക് വാങ്ങിയിരുന്നു
. സുൽത്താനു കീഴിൽ ധാരാളം അടിമസ്ത്രീകൾ ജോലി ചെയ്തിരുന്നു
. അവർ നൃത്തത്തിലും സംഗീതത്തിലും വിദഗ്ധരാ യിരുന്നു
. പല്ലക്ക് ചുമക്കാനും ചാരന്മാരായും സ്ത്രീ അടിമകളെ ഉപയോഗിച്ചിരുന്നു.
. ഇന്ത്യയിലെ സതി യെക്കുറിച്ചും വിദേശികൾ വിവരണം നൽകുന്നുണ്ട്
. ചിലർ സന്തോഷത്തോടെ ചിതയിൽ ചാടി മരണം വരിച്ചപ്പോൾ ചിലരെ നിർബന്ധിക്കാറായിരുന്നു പതിവ്.

വിജയനഗരം: ഒരു സാമ്രാജ്യ തലസ്ഥാനം
(14-16 നൂറ്റാണ്ടുകൾ)

• വിജയനഗരം എന്നാൽ വിജയത്തിന്റെ നഗരം എന്നാണർത്ഥം
•തുംഗഭദ്ര നദിയുടെ തീരത്തുള്ള ഹംപിയാണ് തലസ്ഥാനം
• കർണാടക സാമ്രാജ്യം എന്നും അറിയപ്പെടുന്നു

**ഹംപിയുടെ കണ്ടെത്തൽ**
• 1800 കമ്പനിയുടെ കീഴിലെ ഉദ്യോഗസ്ഥനായകോളിൻ മെക്കൻസിയാണ് ഇത് കണ്ടെത്തിയത്
• അദ്ദേഹംപമ്പാ ദേവി ക്ഷേത്രത്തിലെ യും വിരൂപാക്ഷ ക്ഷേത്രത്തിലെയും പുരോഹിതന്മാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു
• പിന്നീട് പുരാവസ്തു ഗവേഷകർ അവിടെ പഠനങ്ങൾ ആരംഭിച്ചു
• തെലുങ്ക്, കന്നട, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിൽ എഴുതിയ കൃതികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു
•ASI യുടെ കീഴിൽ ഇപ്പോഴും ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു

**രായന്മാർ , നായകന്മാർ , സുൽത്താന്മാർ**

• വിജയനഗര രാജാക്കന്മാരെയാണ് രായൻ മാർ എന്ന് വിളിക്കുന്നത്
• 1336ൽ ഹരിഹരനും ബുക്കനും ചേർന്നാണ് ഇത് സ്ഥാപിച്ചത്
. തുടർച്ചയായി ഭരിച്ച രാജവംശങ്ങൾ താഴെപ്പറയുന്നവയാണ്
സംഗമ വംശം
സലുവാ വംശം
തുളുവ വംശം
അരവിഡുവംശം

**കൃഷ്ണദേവരായർ**
. വിജയനഗരത്തിലെ ഏറ്റവും പ്രധാന ഭരണാധികാരി
. തുളുവ വംശത്തിലെ അംഗമായിരുന്നു
. സാമ്രാജ്യത്തിന്റെ വ്യാപനവും ഏകീകരണവും നടന്നു
. റെയ്ച്ചൂർ പ്രദേശം പിടിച്ചെടുത്തു
. ഒറീസയിലെ രാജാവിനെയും ബിജാപ്പൂർ സുൽത്താനെയും പരാജയപ്പെടുത്തി
. രാജ്യത്ത് സമാധാനവും ഐശ്വര്യവും കൊണ്ടുവന്നു
. ധാരാളം കെട്ടിടങ്ങളും കൊട്ടാരങ്ങളും പണിതു
. ഹസാര രാമ സ്വാമി ക്ഷേത്രവും വിട്ടലസ്വാമി ക്ഷേത്രവും പണിതു
. നാഗലപുരം പട്ടണം പണിതു
. കലാകാരന്മാരെ പ്രോത്സാഹിപ്പിച്ചു
. ആന്ധ്ര ഭോജൻ എന്നറിയപ്പെട്ടു
. അമുക്ത മാല്യത ഉഷാ പരിണയം എന്നിവ രചിച്ചു
. 1529 ൽ അന്തരിച്ചു
. പിൻഗാമികൾ ദുർബലരും കഴിവ് കുറഞ്ഞ വരുമായിരുന്നു
. 1565ൽ തളിക്കോട്ട യിൽ വച്ച് രാമരായന്റെ നേതൃത്വത്തിലുള്ള വിജയനഗര സൈന്യവും കക്കാൻ സുൽത്താന്മാരും ഏറ്റുമുട്ടി
. രാമരായൻ പരാജയപ്പെടുന്നു
. വിജയികൾ വിജയനഗരം കൊള്ളയടിക്കുകയും കാലക്രമേണ നഗരം നശിക്കുകയും ചെയ്തു

**നായകന്മാർ**

. വിജയനഗരത്തിലെ സൈനിക മേധാവികളാ ണ് നായകന്മാർ
. ഭരണാധികാരികൾ അവർക്ക് ഭരിക്കുന്ന തിനുവേണ്ടി ചില പ്രദേശങ്ങൾ നൽകിയിരുന്നു
. നായകർക്ക് നൽകിയ ഭൂമിയാണ് `അമര´
. അമരത്തിന്റെ തലവൻ നായക എന്നറിയപ്പെട്ടു

. അവർ കർഷകർ,  കൈ വേലക്കാർ, കച്ചവടക്കാർ എന്നിവരിൽ നിന്ന് നികുതി പിരിച്ചു
. വരുമാനത്തിന്റെ ഒരു ഭാഗം സ്വകാര്യ ആവശ്യത്തിനും, ഒരു ഭാഗം നിശ്ചിത എണ്ണം കുതിരകളെയും ആനകളെയും നിലനിർത്താനും , ഒരു ഭാഗം ക്ഷേത്ര പരിപാലനത്തിനും ജലസേചന പ്രവർത്തനങ്ങൾക്കും അവർ വിനിയോഗിച്ചു
. നായകന്മാർ രാജാവിനു  വാർഷിക കപ്പം നൽകിയിരുന്നു
. ഇടയ്ക്കിടെ അവർ രാജാവിനെ കണ്ട് കൂറ്  പ്രകടിപ്പിക്കണമായിരുന്നു
. നായകന്മാരെ ഇടക്കിടെ സ്ഥലം മാറ്റിയിരുന്നു
. എങ്കിലും അവർ കാലക്രമേണ ശക്തരാ വുകയും രാജാവിന്റെ അധികാരത്തെ വെല്ലുവിളിക്കുകയും ചെയ്തിരുന്നു
. ഇത് വിജയനഗരത്തിന്റെ  തകർച്ചയ്ക്ക് കാരണമായി

**വിജയനഗരം- തലസ്ഥാനവും അതിന്റെ പരിസരവും**

. അനേകം മലനിരകൾക്കിടയിൽ കിടക്കുന്ന ഒരു വൻ  നഗരം
. കൊട്ടാരങ്ങൾ,  ക്ഷേത്രങ്ങൾ,  മനോഹരമായ വീടുകൾ,  ഉദ്യാനങ്ങൾ, തടാകങ്ങൾ എന്നിവ നഗരത്തിൽ ഉണ്ടായിരുന്നു
. വിജയനഗരം സന്ദർശിച്ച വിദേശികളെല്ലാം നഗര വർണ്ണന നടത്തിയവരാണ്
. നിക്കോളോകോണ്ടി യുടെ അഭിപ്രായത്തിൽ നഗരത്തിന് ആറുനാഴിക ചുറ്റളവുണ്ട്. കോട്ടകൾപർവ്വതങ്ങൾ വരെ ഉയർത്തപ്പെടുന്നു
. ഇതുവരെ കണ്ടതിലും കേട്ടതിലും വെച്ച് ഏറ്റവും ഉജ്ജ്വലം എന്നാണ് അബ്ദുൽറസാഖ് എഴുതിയത്
. കൊട്ടാരത്തിലെ  പത്രങ്ങൾസ്വർണ്ണം കൊണ്ടും വെള്ളികൊണ്ടും ആണ് ഉണ്ടാക്കിയത് എന്നാണ് നൂനിസ് അഭിപ്രായപ്പെട്ടത്
. ഒരു സ്ഥലത്തു നിന്ന് നോക്കിയാൽ കാണാത്ത അത്രയും വലിപ്പം ഉള്ളതുകൊണ്ട് ഒരു കുന്നിൻ മുകളിൽ നിന്നാണ് നഗരത്തിന്റെ  മിക്ക ഭാഗവും കാണാൻ കഴിഞ്ഞത് എന്നാണ് പയസ് അഭിപ്രായപ്പെട്ടത്

**ജലസമ്പത്ത്**

. വിജയനഗരം ഒരു വരണ്ട മേഖല ആയതുകൊണ്ട് ജലസമ്പത്ത് സംരക്ഷിക്കാനും സംഭരിച്ച് വെക്കാനും വിതരണം ചെയ്യാനും പ്രത്യേകശ്രദ്ധ കൊടുത്തിരുന്നു.
. ചുറ്റിലുമുള്ള കുന്നിൻ മുകളിൽ നിന്ന് അരുവികൾ തുംഗഭദ്ര നദിയിലേക്ക് ഒഴുകി ഇരുന്നു- ഇവക്കു കുറുകെ ഭരണാധികാരികൾ അണക്കെട്ടുകൾ നിർമ്മിച്ചിരുന്നു
.കമലാപുരം കുളം, ഹി രിയാ കനാൽ എന്നിവ ജലസേചനത്തിന് ഉപയോഗിച്ചിരുന്നു

**കോട്ട കൊത്തളങ്ങളും റോഡുകളും**

. വിജയനഗരത്തിലെ കോട്ടകൾ നഗരത്തെ മുഴുവനും വലയം ചെയ്തിരുന്നു
. അബ്ദുൽ റസാഖ് ആണ് ഇതിനെക്കുറിച്ച് വിവരിച്ചത്
. 7 നിരകളുള്ള കോട്ടകളെ കുറിച്ച്

10:58 AM ✓✓

.7 നിരകൾ ഉള്ള കോട്ടകളെ കുറിച്ച് അദ്ദേഹം എഴുതിയിട്ടുണ്ട്
. കോട്ട നിർമ്മാണത്തിന് കുമ്മായം സിമന്റ് ഉപയോഗിച്ചിരുന്നില്ല
. വലിയ കല്ലുകൾ കൊണ്ട് രണ്ട് ഭാഗവും കെട്ടി ഉൾഭാഗത്ത് മണ്ണും ചരലും നിറച്ചാണ് കോട്ടകൾ നിർമിച്ചിരുന്നത്
. കോട്ടകൾ കാർഷിക മേഖലകളെ മുഴുവനും സംരക്ഷിച്ചിരുന്നു
. മധ്യകാലത്ത് കോട്ടകൾ വളഞ്ഞ പ്രതിയോഗികളെ കീഴടക്കുക എന്ന യുദ്ധതന്ത്രം ഉപയോഗിച്ചിരുന്നു- എന്നാൽ ഇത്തരം ഉപരോധം ഉണ്ടായാൽ പോലും നാടിനെ രക്ഷിക്കാൻ കോട്ട യിലൂടെ ഭരണാധികാരികൾക്ക് കഴിഞ്ഞു
. കോട്ടകൾക്ക് കാവലോട്   കൂടിയ പ്രവേശന കവാടങ്ങൾ ഉണ്ടായിരുന്നു
. കവാടത്തിൽ ഒരു ക മാനവും അതിനു മുകളിലായി ഒരു താഴികകുടം നിർമിച്ചിരുന്നു
. ഇവ രണ്ടും തുർക്കി സുൽത്താന്മാർ അവതരിപ്പിച്ചതാണ്
. വിജയ ധാരാളം റോഡുകൾ നിർമ്മിച്ചിരുന്നു
. റോഡുകൾ  കല്ലു വിരിച്ച വയായിരുന്നു

**രാജകീയ കേന്ദ്രം**

. ഇവിടെ ഏകദേശം മുപ്പതോളം കൊട്ടാരങ്ങൾ ഉണ്ടായിരുന്നു
. കൊട്ടാരങ്ങൾ ക്ക് താരതമ്യേന വലിപ്പം കൂടുതലായിരുന്നു
. രാജകീയ കേന്ദ്രത്തിലെ പ്രധാന കെട്ടിടങ്ങളാണ്
> രാജാവിന്റെ കൊട്ടാരം
> മഹാനവമി ദിബ്ബ
> ശ്രോതാക്കളുടെ ഹാൾ
> ലോട്ടസ് മഹൽ
> ഹസാര രാമ ക്ഷേത്രം

**മഹാനവമി ദിബ്ബ**
. ഉയർന്ന ഒരു പ്ലാറ്റ്ഫോമിൽ ചെയ്യുന്നു
. മഹാനവമി,/ ദുർഗ /പൂജ, നവരാത്രി/, ദസറ ഉത്സവവുമായി ബന്ധപ്പെട്ടതാണിത്
. മഹാനവമി ആഘോഷിക്കുമ്പോൾ ധാരാളം ചടങ്ങുകൾ നടന്നിരുന്നു
. വിഗ്രഹാരാധന, രാജകീയ കുതിരയെ ആരാധിക്കൽ, മൃഗബലി, നൃത്തനൃത്യങ്ങൾ, ഗുസ്തി മത്സരങ്ങൾ, ചമയിച്ച കുതിരകളുടെയും, ആനകളുടെയും,രഥങ്ങളുടെയും, ഭടന്മാരുടെയും ഘോഷയാത്ര തുടങ്ങിയവ നടന്നിരുന്നു..
. നായകന്മാരും സാമന്ത രാജാക്കന്മാരും രാജാക്കന്മാർക്ക് സമ്മാനങ്ങൾ നൽകുന്നതും ഇതിന്റെ ഭാഗമായിരുന്നു
. ഉത്സവത്തിന്റെ അവസാന ദിവസം ഒരു തുറന്ന സ്ഥലത്ത് വെച്ച് വലിയൊരു ചടങ്ങ് നടത്തിയിരുന്നു
. ഇവിടെവെച്ച് രാജാക്കന്മാർ തന്റെ സൈന്യത്തെയും നായകന്മാരുടെ സൈന്യത്തെയും പരിശോധിക്കുന്നു

**വിശുദ്ധ കേന്ദ്രം**
. ഇവിടെയാണ് പ്രധാന ക്ഷേത്രങ്ങളെല്ലാം സ്ഥിതിചെയ്യുന്നത്
. ക്ഷേത്രങ്ങൾ വെറുമൊരു ആരാധനാകേന്ദ്രം മാത്രമായിരുന്നില്ല
. ധാരാളം സാമൂഹിക- സാമ്പത്തിക- സാംസ്കാരിക -മത പ്രവർത്തനങ്ങൾ ഇവിടെ നടന്നിരുന്നു
. ക്ഷേത്രങ്ങളുടെ പ്രധാന പ്രത്യേകതകളാണ് ഗോപുരങ്ങളും മണ്ഡപങ്ങളും
. ക്ഷേത്ര കവാടങ്ങളാണ് ഗോപുരങ്ങൾ
.ഉയർന്നു നിൽക്കുന്ന ഈ ക്ഷേത്ര കവാടങ്ങൾ ദൂര ദിക്കിൽനിന്ന് പോലും കാണാമായിരുന്നു
. രാജാക്കന്മാർ നിർമ്മിച്ചത് കൊണ്ട് ഇവ രായ ഗോപുരങ്ങൾ എന്നും അറിയപ്പെടുന്നു
. മനോഹരമായ കൊത്തുപണികളുള്ള ധാരാളം തൂണുകളോട് കൂടിയ മണ്ഡപങ്ങൾ ക്ഷേത്രങ്ങളിൽ ഉണ്ടായിരുന്നു
. ഇവിടെ ധാരാളംഹാ ളുകൾ നിർമ്മിച്ചിരുന്നു
. സംഗീത, നൃത്ത, നാടക പരിപാടികൾ ഇവിടെ നടക്കാറുണ്ടായിരുന്നു
. പ്രധാന ക്ഷേത്രമാണ് വിട്ടല ക്ഷേത്രം
. ഈ ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ ശിവന്റെ രൂപമായ വിട്ടലയാണ്
. രഥത്തിന്റെ ആകൃതിയിൽ രൂപകൽപ്പന ചെയ്ത മറ്റൊരു ക്ഷേത്രവും ഇവിടെ കാണാം

**അങ്ങാടികൾ- സവിശേഷതകൾ**

. വിദേശ സഞ്ചാരികൾ എല്ലാ സാധനങ്ങളും ലഭ്യമായ നഗരം എന്നാണ് വിജയനഗരത്തെ വിശേഷിപ്പിച്ചത്
. അരി ഗോതമ്പ് ധാന്യങ്ങൾ ചോളം ബാർലി അമര പയറുവർഗങ്ങൾ മുതിര തുടങ്ങിയവ ലഭിച്ചിരുന്നു
. സാധനങ്ങൾക്ക് കുറഞ്ഞ വില കൊടുത്താൽ മതിയായിരുന്നു
. വിപണികളിൽ പഴങ്ങൾ, മുന്തിരി, ഓറഞ്ച്, ചെറുനാരങ്ങ, മാതളം, ചക്ക, മാങ്ങ എന്നിവയും ആട്ടിറച്ചി, പോർക്ക്, മാനിറച്ചി, കാട്ടി പക്ഷി, മുയൽ, പ്രാവ്, കാടപ്പക്ഷി, കുരുവി, എലി, പൂച്ച, ഗൗളി എന്നിവയെല്ലാം വിൽ ക്കപ്പെട്ടിരുന്നു എന്നുനൂ നിസ് രേഖപ്പെടുത്തി
. മനോഹരമായ തെരുവീഥികളിലാണ് അങ്ങാടികൾ പ്രവർത്തിച്ചിരുന്നത് എന്ന് പയസ് രേഖപ്പെടുത്തി.
. ആഭരണങ്ങൾ, രത്നങ്ങൾ, മുത്തുകൾ, പവിഴങ്ങൾ, വസ്ത്രങ്ങൾ, കുതിരകൾ,

പച്ചക്കറികൾ,  പഴവർഗങ്ങൾ എന്നിവയെല്ലാം മാർക്കറ്റിൽ ലഭിച്ചിരുന്നു എന്നും അദ്ദേഹം രേഖപ്പെടുത്തി
. സായാഹ്ന ചന്തകളും അവിടെ ഉണ്ടായിരുന്നു